II ഇ.ബി. XIII- കേരള നിയമസഭ/XI- 12

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 24, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**39 (*331)** കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്നത് തടയാൻ നടപടി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, കാഷ്യൂസ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡ് അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട് പ്രകാരം കുടിവറുപ്പ് കേന്ദ്രങ്ങൾക്കെതിരെയും ഫാക്ടറി നിയമപ്രകാരം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാർ അൺരജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളിലെ നിയമലംഘനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ച് സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾ കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അനധികൃതമായി നടക്കുന്ന കശുവണ്ടി സംസ്ക്കരണ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ ചൂഷണത്തിന് ഇരയാകുന്നത് തടയാനായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ

നേതൃത്വത്തിലുള്ള സ്ക്വാഡ് ഇതുവരെ 170-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ പരിഹരിച്ച ഫാക്ടറികൾക്കെതിരായുള്ള നടപടികൾ അവസാനിപ്പിക്കുകയും ബാക്കിയുള്ളവയ്ക്കെതിരെ തുടർ നിയമ നടപടികൾ സ്വീകരിച്ചുവരികയുമാണ്. സ്വകാര്യ ഫാക്ടറി ഉടമകൾ ഫാക്ടറികൾ ഒഴിവാക്കി കുടിവറുപ്പ് സമ്പ്രദായം വ്യാപിപ്പിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് തടയുന്നതിനായി തൊഴിൽ, ആഭ്യന്തര വകുപ്പുകളുടെ സഹകരണത്തോടെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ അനധികൃത സംസ്ക്കരണ കേന്ദ്രങ്ങൾ കണ്ടെത്തി അവ നിറുത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം കുടിവറുപ്പ് നടത്തിയവർക്കെതിരെ 7 കേസുകൾ കോടതിയിൽ ഫയൽ ചെയ്യുകയും ഒരു കേസിൽ കുറ്റക്കാരന് 6 മാസം തടവും 25000/- രൂപ പിഴ ചുമത്തുകയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ യൂണിറ്റുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളുള്ള നാല് യൂണിറ്റുകളെ നിയമപ്രകാരം രജിസ്റ്റർ ചെയ്യിച്ച് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യത്തോടെ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനായി തോട്ടണ്ടി വാങ്ങുന്നതിനും ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലാഭനഷ്ടം കണക്കാക്കാതെ പ്രവർത്തിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കശുമാവ് കൃഷി വിപുലീകരിച്ച് ആഭ്യന്തര വിപണിയിൽ തോട്ടണ്ടിയുടെ ഉത്പാദനം വർദ്ധിപ്പി

ക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷനെ ചുമതലപ്പെടുത്തുകയും ഇതിനായി പതിനാറ് കോടി അറുപത് ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ആർ.സി. കൂടി തൊഴിലാളികളുടെ മിനിമം വേജസ് പരിഷ്കരിക്കുന്നതിനും നിലവിലുള്ള ഫാക്ടറികളുടെ പുനരുദ്ധാരണത്തിനും നടപടി സ്വീകരിക്കുന്നതാണെന്നും കണ്ണൂർ ജില്ലയിൽ ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്ത മാക്കി. പ്ലാന്റേഷൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ മൂല്യവർദ്ധിത ഉത്പന്ന ങ്ങളുണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണെന്ന് ഒരു ഉപചോ ദ്യത്തിൽ ഇടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷ നറിയും വകുപ്പുമന്ത്രി അറിയിച്ചു.

40 (*332) <u>അമിതപ്പലിശയുടെ ചൂഷണങ്ങളിൽപ്പെട്ടവർക്ക് പുതിയ വായ്പാപ ദ്ധതികൾ</u>

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, കർഷകത്തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധ വകൾ, വികലാംഗർ തുടങ്ങി അടിസ്ഥാനവർഗ്ഗ വിഭാഗക്കാരെ അമിത പലിശ യുടെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി സ്വന്തം ജാമ്യത്തിന്മേൽ 10,000/- രൂപ വരെയുള്ള ചെറുകിട വായ്പകളും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5,000/- രൂപ വരെയുള്ള വായ്പകളും നൽകുന്നതിനുള്ള പദ്ധതികൾ സഹ

കരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ ചുമത്തുന്ന പലിശ മാത്രം ഈടാക്കുന്ന ഈ വായ്പകളിൽ 10,000/- രൂപ വരെയുള്ളവ പരമാവധി ഒരു വർഷത്തിനകവും, 5,000/- രൂപവരെയുള്ളവ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക, സഹകരണ സംഘങ്ങൾ/ബാങ്കുകൾ പരമാവധി 15 ദിവസത്തിനകം വായ്പ നൽകുക, പ്രവർത്തന സമയം 12 മണിക്കൂറായി ദീർഘിപ്പിക്കുക, വായ്പകൾക്ക് ഈടാക്കുന്ന പലിശ പരമാവധി 15 ശതമാനമായും സ്വർണ്ണപ്പണയ വായ്പ 12 ശതമാനം പരിശ നിരക്കിൽ പരമാവധി 25 ലക്ഷം രൂപയായും നിജപ്പെടുത്തുക, 'സൺഡേ ബാങ്കിംഗ്' നടപ്പിലാക്കുക തുടങ്ങിയ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാരുടെ കെണിയിൽ അകപ്പെടുന്നവരിൽ ഭൂരിഭാഗംപേരും ധനകാര്യ സാമ്പത്തിക സ്ഥാപനത്തിൽനിന്ന് വായ്പ ലഭിക്കുന്നതിന് ഈട് നൽകുന്നതിന് ആസ്തിയോ, ജാമ്യം നിൽക്കാൻ ആരുമില്ലാത്തവരോ ആയ സാധാരണക്കാരും തൊഴിലാളികളുമാണെന്നതിനാൽ അവരെ സഹായിക്കുകയെന്നതാണ് പുതിയ വായ്പാ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സഹകരണ സംഘത്തിൽ നിന്നെടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന കാര്യത്തിൽ ധനകാര്യവകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതും

നഷ്ടം ഒഴിവാക്കി കുടുംബശ്രീ സംഘങ്ങൾക്ക് വായ്പ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. ബാങ്കുകളില്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൊള്ളപ്പലിശ ഈടാക്കിയതായ പരാതികൾ സംബന്ധിച്ച് ആഴ്ച തോറും അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാതല സെൽ രൂപീകരിക്കുകയും ടോൾഫ്രീ നമ്പർ ഏർപ്പെടുത്തുന്നതുമാണ്. കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് കേരളാ മണി ലെൻഡേഴ്സ് ആക്ടിൽ ഭേദഗതി വരുത്തുന്നതും കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിന് ന്യൂ ജനറേഷൻ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കുന്നതുമാണ്. സർക്കാർ സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതും ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സാധാരണക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതിയിൽ കെ.എസ്.എഫ്.ഇ., കെ.എഫ്.സി. അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളെക്കൂടി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. സഹകരണ സംഘങ്ങൾ മുഖേന അനായാസമായും വേഗത്തിലും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണെന്നും കൊള്ളപ്പലിശക്കാരുടെ ഭീഷണിയെത്തുടർന്ന് ഗൃഹനാഥൻ നാടുവിട്ടതായ പരാതിയിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കെ.എസ്.ഇ.ബി. ഈടാക്കിയിരുന്ന പലിശ നിരക്ക് 24 ശതമാനത്തിൽനിന്നും 18 ശതമാനമായി കുറച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ഊർജ്ജവകുപ്പുമന്ത്രി അറിയിച്ചു.

41(*333) <u>കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കു വേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് (ആർ.ആർ.ആർ.) പാക്കേജ് നടപ്പിലാക്കിയതിനു ശേഷമുള്ള പുതിയ വായ്പകൾക്ക് കേന്ദ്ര സർക്കാർ 7 ശതമാനം പലിശ സബ്സിഡി നൽകുന്നതിനാൽ ബാങ്കുകൾ 13 ശതമാനം പലിശ ചുമത്തിയാൽപോലും സംഘങ്ങൾക്ക് 6 ശതമാനം പലിശ മാത്രമേ ബാധകമാകുകയുള്ളു. കാസർഗോഡ് കൈത്തറി സാരി ബ്രാന്റ് ചെയ്ത് വിപണിയിലിറക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനും ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് കൂടുതൽ തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. യൂണിഫോമിനുള്ള തുക വർദ്ധിപ്പിക്കുന്ന മുറയ്ക്ക് കുട്ടികൾക്ക് കൈത്തറി യൂണിഫോം നിർബന്ധമാക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നതും ഇക്കാര്യത്തിൽ വിദ്യാഭ്യാസ/ധനകാര്യ വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ട റിബേറ്റ് തുക തട്ടിയെടുക്കുന്നതായും ഹാൻഡ്‌ലൂമിന് പകരം പവർലൂം കൊടുക്കുന്നതായുമുള്ള പരാതികളിന്മേൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും കൈത്തറിവസ്ത്രങ്ങൾ

വിദേശ വിപണിയിലെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3658 മുതൽ 3960 വരെയുള്ള ചോദ്യങ്ങളിൽ 119 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)